# KIZHUTHALLY EAST U P SCHOOL




# Academic Master Plan 2025-26

# 3rd Std

III Std · അക്കാദമിക മാസ്റ്റർ പ്ലാൻ — 3rd std 2025-26

| ഉദ്ദേശ്യങ്ങൾ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലക്രമം | ചുമതല |
|---|---|---|---|---|
| വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും, എഴുതാനും, സംസാരിക്കാനും കഴിയേണ്ടതാണ്.<br>• Pre-Test<br>• നിർദ്ദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനാശേഷി വർദ്ധിപ്പിക്കുക<br>• സംസാരശേഷി | • ശബ്ദശേഖരം (Vocabulary) വർദ്ധിപ്പിക്കൽ<br>• എഴുത്ത്, വായന, സംസാരശേഷി വർദ്ധിപ്പിക്കൽ<br>• സംസാരശേഷി<br>• അനുഭവവിവരണം.<br>• ചിത്രവിവരണം. | Pre-Test<br>• നിർദ്ദേശങ്ങൾ പാലിക്കാനുള്ള വായനാശേഷിയും വായനാശേഷിയും വർദ്ധിപ്പിക്കുക.<br>ഭാഷാഗെയിമുകൾ, ആക്ഷൻ സോങ്സ്<br>• ഭാവാത്മക വായന<br>• കഥപറയൽ<br>• അധ്യാപിക ഭാവാത്മകമായി പറയുന്ന കഥകൾ കേൾക്കൽ<br>• ഐ.സി.ടി ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ | ജൂൺ to മാർച്ച്<br>ജൂൺ - ജൂലൈ<br>ഓഗസ്റ്റ് - സെപ്തംബർ. | മലയാളം അധ്യാപിക. |

# UP - BASIC SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | പരീക്ഷണക്കളരി. നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്ര അദ്ധ്യാപകർ, സയൻസ് ക്ലബ് |
| 2. ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ശാസ്ത്ര വിസ്മയ ചുമർ. ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | | |
| 3. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ - | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ | | |

| | | | |
|---|---|---|---|
| സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | എന്നിവയുടെ വീഡിയോ പ്രദർശനം. | അന്താരാഷ്ട്ര വർഷം. | ശാസ്ത്ര അദ്ധ്യാപകർ, സയൻസ് ക്ലബ്ബ് |

# UP ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend your Ear - ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.<br><br>Follow me if you can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു.<br><br>Breaking news ഇംഗ്ലീഷ് വാർത്തകൾ എഴുതിക്കൊണ്ടുവരാൻ പറയുന്നു, അത് മറ്റ് കുട്ടികൾക്ക് വായിച്ച് കേൾപ്പിക്കുന്നു.<br><br>One man show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | അക്കാദമിക വർഷം. | ഇംഗ്ലീഷ് അദ്ധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 2. ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I too can!! വ്യത്യസ്ത ലെവലുകളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റു കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു.<br>Reader of the month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the month നെ ആദരിക്കുന്നു. | അക്കാദമിക വർഷം. | ഇംഗ്ലീഷ് അധ്യാപകർ. |
| 3. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | Alert zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അങ്കണത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | | |
| 4. ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നതിൽ ആത്മവിശ്വാസം ഉയർത്തുന്നു. | Role play, acting എന്നിങ്ങനെ വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു. | | |

## English 1 std

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like malayalam. we have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objective and learning outcomes

- Respond to simple instructions in the class room.

- Describe orally about the pictures and objects.

- Familiarise with Simple words.
- Enjoy Songs and sings them with Rhythm and action.

- Familiarise the name of birds, animals their young ones and identifies them from pictures.

June

- Introduce symbol words
- provides picture cards

## July

- Identify familiar words
- Say familiar words
- Read familiar words
- Write familiar words

## August

- Enjoy songs and sings them with Rythem and action.
- Describes orally about pictures and objects using adjectives.

## September

Read and write simple words and simple sentences.

- Provids picture cards and reading cards.

## October

- Introduce symbol picture descriptions.
- Make word chain, sentence chain
- Make riddles.
- Describing words, rhyming words.
- Text book activities.

## November

- prepare reading cards
- provide more opportunities to read, write and speak English.

## December

- Read and understand simple instructions in the classroom.
- Encourage digital reading.

## January

- Enjoy Songs and Sings them with Rhythm and action
- Make picture albums
- Collect pictures of animals and its young ones.

## February

- provide the opportunity to express myself in the class room
- English assembly once in a week.

## March

- Speaks English fluently
- Read and write Simple sentences
- Picture reading and picture description.

18/6/25

# Hindi U P

അക്കാദമിക മാസ്റ്റർ പ്ലാൻ ഹിന്ദി (യു.പി) 2025-26.

ഹിന്ദി അധ്യാപിക: ക്യൂപ.യു.ഒ

**മേഖല** : ഭാഷാപഠനം.

**ലക്ഷ്യങ്ങൾ** ;

- എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടം എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള ദേശസ്നേഹം വളർത്തിയെടുക്കുക.

**പ്രവർത്തനങ്ങൾ**;-

1. ഹിന്ദി തിരിച്ചറിയൽ കാർഡ് (Class V)
2. ഹഫ്തെ കാ ശബ്ദ് (ആഴ്ചയിലെ വാക്ക്)
3. ഹിന്ദി ക്ലാസ് ലൈബ്രറി
4. ഹിന്ദി നോട്ടുപുസ്തകം സമഗ്രവും ആകർഷകവുമാക്കുക.
5. ഐ.സി.ടി ഉപയോഗം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കൽ
6. ഹിന്ദി ക്ലബ്ബ് പ്രവർത്തനം കാര്യക്ഷമമാക്കൽ.

7. ഹിന്ദി സ്കിറ്റ്, റോൾ പ്ലേ, കൊറിയോഗ്രാഫി
8. ദിനാചരണങ്ങൾ ഹിന്ദിയിൽ.
9. ഹിന്ദി കൈയെഴുത്തു മാസിക.

പ്രവർത്തന പദ്ധതി

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നടപ്പാക്കുന്നത് | പ്രതീക്ഷിക്കുന്ന നേട്ടം. |
|---|---|---|---|---|---|---|
| ഹിന്ദി തിരിച്ചറിയൽ കാർഡ്. | അഞ്ചാം ക്ലാസ് കുട്ടികൾക്ക് പേര്, സ്കൂൾ, ക്ലാസ്, വിലാസം ഉൾപ്പെടുത്തിയ കാർഡ് (ഹിന്ദി പഠനത്തിനുമാത്രം) | June – July | Hindi Teacher | 1000/- | ഹിന്ദി ക്ലബ്ബ് | अपने बारे में लिखना<br>प्रोफाइल तैयार करना<br>विविध प्रकार के नाम पहचानना<br>अपने दोस्तों के नाम पहचानना |
| ഹഫ്തേ കാ ശബ്ദ്. (ആഴ്ചയിലെ വാക്ക്) | ഓരോ ആഴ്ചയും ഓരോ പുതിയ വാക്ക് (കേരള സർക്കാർ ഓഫീസുകളിൽ ഉപയോഗിക്കുന്ന വാക്കുകൾ) കുട്ടികളെ പരിചയപ്പെടുത്തുന്നു. | ജൂൺ 2025 മുതൽ | ,, ,, | — | ,, | शब्द भण्डार का विकास<br>नये-नये शब्दों को जानना। |

| | | | | | | |
|---|---|---|---|---|---|---|
| ഹിന്ദി ക്ലാസ് ലൈബ്രറി | ഓരോ ക്ലാസിന്റെയും നിലവാരമനുസരിച്ച് പുസ്തകങ്ങൾ വായിക്കാൻ കൊടുക്കുന്നു. കുറിപ്പുകൾ എഴുതിക്കുന്നു. | ജൂൺ 2025 | ഹിന്ദി ടീച്ചർ. | — | SRG / Hindi club | हिंदी पढ़ने में रुचि बढ़ती है। कक्षा में अनुशासन बढ़ता है। नयी नयी जानकारी मिलती है। |
| ഹിന്ദി ക്ലബ്ബ് പ്രവർത്തനം കാര്യക്ഷമമാക്കൽ. | സ്കൂൾ തുറക്കുന്നതോടെ ക്ലബ്ബ് രൂപീകരിക്കുന്നു. പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു. | ജൂൺ 2025 മുതൽ. | " | — | Hindi Club | हिंदी पढ़ने में रुचि बढ़ती है। स्कूल में अनुशासन बढ़ता है। |
| ഐ.സി.ടി ഉപയോഗം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കൽ | പാഠഭാഗങ്ങൾ ICT സഹായത്തോടെ ലളിതമാക്കുന്നു | | | | | |

| | | | | | |
|---|---|---|---|---|---|
| പ്രധാനപ്പെട്ട PPT തയ്യാറാക്കി അവതരിപ്പിക്കുന്നു. | ജൂൺ 2025 മുതൽ | Hindi Tr | | Hindi Club | • हिंदी पढ़ने में रुचि बढ़ती है। <br> • आसानी से पाठभाग का आशय समझता है। |
| ഹിന്ദി നോട്ടു പുസ്തകം സമഗ്രവും ആകർഷകവുമാക്കുക. | ഓരോ കുട്ടിയുടേയും ഹിന്ദി നോട്ടു പുസ്തകം സമഗ്രവും ആകർഷകവുമാക്കുന്നു, മികച്ചതാക്കുന്നതിനായി കുട്ടികളെ സഹായിക്കുവാൻ ശ്രദ്ധിക്കുകയും ചെയ്യുന്നു. | ജൂൺ 2025 മുതൽ | 〃 〃 | 〃 〃 | हिंदी पढ़ने में रुचि बढ़ती है। <br> हिंदी लिखने में रुचि बढ़ती है। <br> सतत एवं समग्र मूल्यांकन में सहायक सामग्री है। |
| ദിനാചരണങ്ങൾ. | ദിനാചരണങ്ങൾ ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ് തല പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് നടത്തുന്നു. | ജൂൺ 2025 മുതൽ | 〃 | 〃 | दिनों के बारे में जानकारी <br> पोस्टर तैयार करना। <br> संदेश वाक्य लिखना। <br> भाषण, समाचार तैयार करना, <br> विवरण, लेख लिखना, |

# Malayalam L P

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ. |
| **വായിക്കാം വളരാം** | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം വായനക്കുറിപ്പ് ആസ്വാദനക്കുറിപ്പ് പുസ്തക സംവാദം ആനുകാലിക വായന. | വർഷം മുഴുവൻ | HM SRG Class Teacher |
| **എഴുതാം തെളിയാം.** | | | |
| എഴുത്ത് പരിപോഷിക്കൽ | പാഠഭാഗങ്ങളിൽ നിന്ന പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG Class Teacher. |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | |
| ലേഖനശേഷി വികസിപ്പിക്കൽ. സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher. |
| **കണ്ടറിയാം കേട്ടറിയാം..** | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher. |

| | | | |
|---|---|---|---|
| **രുചിവൈവിധ്യം** | | | |
| നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ. | വർഷത്തിലൊന്ന്. | SRG. Class Teach |
| **ഓർക്കാം അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ. ഡോക്യുമെന്ററി പ്രദർശനം പുസ്തക പരിചയം ക്വിസ് ലഘുപ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം. | SRG Class Teacher |
| **കലക്കൂട്ട്** | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാ വരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM SRG Class Teacher |
| **സർഗ്ഗോത്സവം** | | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM SRG CPTA |

## Maths 1 std

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പാടാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ് ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

### ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചുവരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്കസംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.

- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യകിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു.
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം
- ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യാപാറ്റേൺ രൂപീകരിക്കൽ
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലഘുവായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

June

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു
- സംഖ്യാ കാർഡ് നിർമ്മിക്കൽ

## July

ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.

## August

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ കുറവ് തിരിച്ചറിയുന്നു.
- ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## September

- സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ
- ഒന്നിനോട് ഒന്ന് കൂടിയാൽ മറ്റൊരു സംഖ്യ കിട്ടുമെന്ന തിരിച്ചറിവ്.
- സംഖ്യാഗാനങ്ങൾ ആലപിക്കൽ

## October

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയസംഖ്യ ചെറിയസംഖ്യ തിരിച്ചറിയൽ
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## November

- സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
- ഒറ്റസംഖ്യയും ഇരട്ടസംഖ്യയും തമ്മിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## December

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ
- ഗണിത ആൽബം തയ്യാറാക്കൽ

## January

- ഒറ്റസംഖ്യയും ഇരട്ടസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
- സങ്കലന വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയുന്നു.

• ഒന്നുമുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

February

• ഗണിത ആൽബം പ്രദർശിപ്പിക്കുന്നു
• വിലവിവരപട്ടിക, പ്രശ്നവിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

March

• ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു
• ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
• ഉല്ലാസഗണിതം പ്രവർത്തനങ്ങൾ
• സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

18/6/25

# Maths L P

ലക്ഷ്യം-1 : മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷി ഉറപ്പിക്കുക.

| Sl No | Month | Activity |
|---|---|---|
| 1 | ജൂൺ | നറുക്കെടുക്കാം<br>• സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു<br>• കിട്ടിയ സംഖ്യ വായിക്കാം<br>• മറ്റുള്ളവർ സംഖ്യ എഴുതുന്നു. |
| 2 | ജൂൺ | 10 ചങ്ങാതിമാർ<br>• സംഖ്യ നറുക്ക് എടുക്കുന്നു.<br>• കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. |
| 3 | ജൂൺ - സെപ്റ്റംബർ | പാറ്റേൺ പൂർത്തിയാക്കാം.<br>• വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ |
| 4 | ജൂൺ - ഓഗസ്റ്റ് | ക്രമത്തിലാക്കാം.<br>• വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>• ആരോഹണക്രമം, അവരോഹണക്രമം എഴുതുക |

ലക്ഷ്യം 2 : മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.

| Sl No | Month | Activity |
|---|---|---|
| 1. | ജൂൺ | ~~കൂ~~ കൂട്ടങ്ങളാക്കാം.<br>• ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br>• കളിനോട്ട് ഉപയോഗിച്ച് 1, 10, 100, 1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. |
| 2 | 2 ആഴ്ച | സംഖ്യാ സൂത്രൻ<br>• ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>• ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. |

| | | |
|---|---|---|
| 3 | ജൂൺ - സെപ്റ്റംബർ | ക്രമീകരിക്കാം<br>• സംഖ്യകളെ ആരോഹണക്രമത്തിൽ ക്രമീകരിക്കാം<br>• അക്കവിന്റെ ഫ്ലാഷ്കാർഡ് എടുത്ത് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം |

ലക്ഷ്യം 3 : ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| | Month | Activity |
|---|---|---|
| 1. | ജൂലൈ - മാർച്ച് | സംഖ്യാചക്രം<br>• സംഖ്യാചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു<br>• അവ തമ്മിലുള്ള സങ്കലനം, വ്യവകലനം ഗുണനം, ഹരണം. |
| 2 | ജൂലൈ - ഫെബ്രുവരി | ഭാഗ്യവാനെ കണ്ടെത്താം<br>• അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>• വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• ക്രിയ ചെയ്യാം.<br>• ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. |
| 3 | ഓഗസ്റ്റ് - ഫെബ്രുവരി | ജോഡി കണ്ടെത്താം.<br>• വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾക്ക് സംഖ്യാ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി അത് കളത്തിൽ ഒട്ടിക്കാം. |

## മേഖല യു. പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപ - രിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,..... ഉപയോഗിക്കുന്നു | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും. | ഒറിഗാമി ശിൽപശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |

| | | | | |
|---|---|---|---|---|
| 4) ഗണിതം മധുരമാക്കൽ | ഗണിത പാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി. ടി. എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ. | ഗണിത ഗ്രാമം ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി. ടി. എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ. ടി. സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ. ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |
| 8) വിവിധ ശേഷികളുടെ വികസനം | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# Maths U P

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | അക്കാദമിക വർഷം | ഗണിത അധ്യാപക, ക്ലബ് കൺവീനർ, സഹപ്രവർത്തകർ, കുട്ടികൾ, ലീഡർമാർ (ക്ലബ്) |
| 2. ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. | | |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. അതിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | | |
| 4. ആധുനിക ശാസ്ത്ര | IT സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | കൾ, ഇതുപോലുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാനും ശ്രമിക്കുന്നു. | | |
| 5. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | അക്കാദമിക വർഷം. | ഗണിത അധ്യാപകർ, സമർത്ഥരായ കുട്ടികൾ ക്ലബ്ബ് ലീഡർമാർ, ക്ലബ്ബ് അംഗങ്ങൾ |

# Sanskrit U P

മേഖല - അക്കാദമികം - ഉപമേഖല- സംസ്കൃതം

## ലക്ഷ്യം

* എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ.
* അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
* കാണുന്നതും, കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.
* എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.
* സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ

## പ്രവർത്തനങ്ങൾ

* ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.
* പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
* പതിപ്പുകൾ, മാഗസിനുകൾ, രചനാ ശില്പശാലകൾ
* വിവിധ സാഹിത്യരചനകളെ പരിചയപ്പെടുത്തൽ
* സംസ്കൃതദിനാചരണം, അസംബ്ലി
* ഒഴിവുസമയങ്ങളിൽ പ്രത്യേകക്ലാസ്

## കാലയളവ്

* ജൂൺ - മാർച്ച് വരെ

## പഠനോപകരണങ്ങൾ

* പുസ്തകങ്ങൾ
* വീഡിയോകൾ
* ചിത്രങ്ങൾ

## സംസ്കൃത ലൈബ്രറി

* സംസ്കൃത ഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിത്ര-ഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറി നിർമ്മാണം

## സംസ്കൃതദിനാചരണം

* സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

## സംസ്കൃത അസംബ്ലി

* വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി സംഘടിപ്പിക്കൽ

## വിവിധ മത്സരങ്ങൾ

* കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ

## മികച്ച വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം.

* സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു.എസ്.എസ് പരീക്ഷ രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ

## ഐ.ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ

* സാങ്കേതികവിദ്യ ഉപയോഗിച്ച് പുതുസാധ്യതകൾ കുട്ടികൾക്ക് പരിചയപ്പെടുത്തൽ

* സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ

# Social Science U P

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല |
|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | വെർച്വൽ ഫീൽഡ് ട്രിപ്പ്<br>• ഐസിടി സാധ്യതകൾ ഉപയോഗിച്ച്, താജ്മഹൽ, ചെങ്കോട്ട, ഹംപി തുടങ്ങിയ ചരിത്രസ്മാരകങ്ങളുടെ ജാലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| • ആശയങ്ങൾ, സംഭവങ്ങൾ, ലക്ഷ്യങ്ങൾ ഇവ കൊണ്ട് സ്കിറ്റ് തയ്യാറാക്കാനുള്ള അവസരം ഒരുക്കുക | സ്കിറ്റ് തയ്യാറാക്കാം<br>സംഭവങ്ങളുടെ ആശയങ്ങളും സംഭവങ്ങളും സ്കിറ്റ് തയ്യാറാക്കി അവതരിപ്പിച്ച് സ്കൂൾ വിക്കിയിൽ അപ്‌ലോഡ് ചെയ്യൽ. | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| • സമത്വം സൃഷ്ടിക്കുക<br>• നീതിയും ന്യായവും അംഗീകരിക്കുക.<br>സാമ്പത്തിക വികസനം സംരക്ഷിക്കുക. | പ്രോജക്ട്<br>ഇന്ത്യയിൽ ഇന്നുവരെ നടത്തിയ തെരഞ്ഞെടുപ്പുകളെക്കുറിച്ച് പ്രോജക്ട് തയ്യാറാക്കൽ. | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല |
|---|---|---|---|
| • നിയമങ്ങൾ മനസ്സിലാക്കാൻ<br>• നിയമങ്ങളുടെ പ്രവർത്തന രീതി പരിചയിക്കൽ.<br>• ആദരം നിയമത്തിന് അനിതരപ്പെടുന്ന ബോധം ഉണ്ടാക്കാൻ | നിയമബോധവത്കരണ ക്ലാസ്<br><br>നിയമ വാഴ്ചയുടെ പ്രാധാന്യത്തെ കുറിച്ചും വിവിധ നിയമങ്ങളെക്കുറിച്ചും നിയമ വിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കുന്നു. | ആഗസ്ത് | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| • കുട്ടികൾക്കെതിരെയുള്ള അതിക്രമം, ലൈംഗിക പീഡനം, അശ്ലീല ഇടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമമാണ് പോക്സോ നിയമം | " പോക്സോ ബോധവത്കരണ ക്ലാസ്<br>കുട്ടികളുടെ സുരക്ഷിതും പോക്സോ നിയമവും എന്ന വിഷയത്തിൽ നിയമ വിദഗ്ധരുടെ സഹായത്തോടെ ബോധവത്കരണ പരിപാടി | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| • സ്വാതന്ത്ര്യത്തിന് പ്രാധാന്യം നൽകുക | ക്ലാസ് ഭരണഘടന<br>ഇന്ത്യൻ ഭരണഘടനയിലെ ആശയങ്ങൾ കൂടി അടിസ്ഥാനത്തിൽ ക്ലാസ് ഭരണഘടന തയ്യാറാക്കൽ | ആഗസ്റ്റ് | ,, |

| | | | | |
|---|---|---|---|---|
| ഉചിതമായ സമയത്ത് ഉചിതമായ രീതിയിൽ തീരുമാനങ്ങൾ എടുക്കാനുള്ള കഴിവുണ്ടാകും.<br><br>• Safe touch / Secret touch തിരിച്ചറിയുക. പറയേണ്ടിടത്ത് NO പറയാൻ പഠിപ്പിക്കുക. | ലൈംഗിക ചൂഷണം<br><br>കുട്ടികൾക്ക് നേരെ നടക്കുന്ന കുറ്റകൃത്യങ്ങൾ ഉണ്ടാകാനിടയുള്ള സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധിക്കാനും അതിൽ നിന്ന് രക്ഷപ്പെടാനുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ലൈംഗിക ചൂഷണങ്ങൾ. | സെമിനാർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ. | |
| • സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ ലോകത്തേക്ക്<br><br>വെള്ളപ്പൊക്കം, ഭൂമി കുലുക്കം, ഉരുൾപൊട്ടൽ, കടൽക്ഷോഭം മുതലായ പ്രകൃതി ദുരന്തങ്ങൾ വഴിയും അപകടങ്ങൾ, വ്യവസായ ശാലകളിലെ ദുരന്തങ്ങൾ | | | |

| | | | |
|---|---|---|---|
| | ചരിത്ര സംഭവങ്ങൾ ഉടനീളം മനുഷ്യ നിർമിത ദുരന്തങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ടവരെ സന്ദർശിക്കാനും അവർക്കാവശ്യമായ സേവനങ്ങൾ ചെയ്യാനുള്ള അവസരം ഒരുക്കുന്നു. | നവംബർ. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| ഗോത്രജനതയുടെ സാമൂഹിക ജീവിതം മനസ്സിലാക്കുന്നു. | ഊര്<br>ഗോത്രജനതയുടെ വാസസ്ഥലം സന്ദർശിച്ച് അവരുടെ പൂർവികരുടെ ജീവിത കല, കൃഷി, ഭക്ഷണം, സമകാലിക ജീവിതം, വാദ്യോപകരണങ്ങൾ ഉടങ്ങിയവ മനസ്സിലാക്കുന്നു. | ഒക്ടോബർ. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാനുള്ള മനോഭാവം | സ്പെഷ്യൽ സ്കൂൾ സന്ദർശനം. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ സന്ദർശിച്ച് ഭിന്നശേഷിക്കാർ നേരിടുന്ന പ്രതിസന്ധികൾ, പരിഹാരങ്ങൾ എന്നിവ തിരിച്ചറിയുന്നതിന്. | | സാമൂഹ്യശാസ്ത്ര അധ്യാപകർ. |

| | | | |
|---|---|---|---|
| പ്രകൃതിയുടെ ഉള്ളറകളിലെ സവിശേഷതകൾ മനസ്സിലാക്കുന്നതിന് | പ്രകൃതിയുടെ ഘടനകളുടെ മാതൃക നിർമ്മിക്കൽ. | | |
| പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | വെർച്വൽ ഫീൽഡ് ട്രിപ്പ്<br>ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ച് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉൾപ്പെടുന്ന രാജ്യങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു. | ഒക്ടോബർ. | |
| • നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ദാരിദ്ര്യത്തെ ഇല്ലാതാക്കുന്നതിന് കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കിവരുന്ന ദാരിദ്ര്യനിർമ്മാർജ്ജന | സർവ്വേ നടത്തൽ<br>പഞ്ചായത്ത് കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കി വരുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ ഉൾപ്പെട്ടവരുടെ സർവ്വേ നടത്തുന്നു. | നവംബർ. | |

| | | | |
|---|---|---|---|
| • വിഷയത്തിന്റെ വിശദീകരണം<br>• പഠനത്തിന്റെ വിവരങ്ങൾ നൽകുക.<br>• ആശയങ്ങൾ പ്രത്യക്ഷപ്പെടുത്തുക.<br>• പ്രകടനങ്ങൾ സൃഷ്ടിക്കുക. | പദ്ധതികളിൽ ഉൾപ്പെട്ടവരുടെ സർവ്വേ നടത്തുന്നു.<br><br>സെമിനാർ<br>ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും ദാരിദ്ര്യലഘൂകരണവും എന്ന വിഷയത്തിൽ ഒരു സെമിനാർ റിപ്പോർട്ട് തയ്യാറാക്കുന്നു. | ഡിസംബർ. | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| • ദാരിദ്ര്യനിർമ്മാർജ്ജനത്തിന് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ എത്രത്തോളം സഹായകമാണെന്ന് മനസ്സിലാക്കുന്നതിന് | അഭിമുഖം<br>കുടുംബശ്രീ പ്രവർത്തകരുമായി അഭിമുഖം നടത്തുന്നു. | ജനുവരി | സാമൂഹ്യശാസ്ത്ര അധ്യാപകൻ. |